ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) നൂറോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ തീരുമാനപ്രകാരം 34 താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ധനലഭ്യതയനുസരിച്ച് ക്രമേണ മാത്രമേ സ്പെഷ്യാലിറ്റി കേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ കഴിയുകയുള്ളൂ.

(ബി) & (സി) 7-4-1995-ലെ ഗവൺമെന്റ് ഉത്തരവ് നം. 325/95/(41) ഫിൻ എന്ന ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുവാൻ ഉത്തരവായി. 27-4-1995-ലെ ഗവ. ഉത്തരവ് 112/95/ആകുവ. അനുസരിച്ച് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളും സ്ഥാപിച്ച് ഉത്തരവായി. തുടർന്ന് 28-5-2002-ലെ ഉത്തരവനുസരിച്ച് സ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്തെ 96 ആശുപത്രികളിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ആശുപത്രികളിൽ ടി സംവിധാനം പൂർണ്ണമായി നടപ്പാക്കുവാൻവേണ്ടിവന്ന 375 അധിക തസ്തികകൾകൂടി 20-8-2003-ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയുണ്ടായി. അതിനും പുറമെ സംസ്ഥാന ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ 5-2-2005-ൽ പുറപ്പെടുവിക്കുകയും ചെയ്തു. ചുരുക്കത്തിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുങ്ങിക്കഴിഞ്ഞു. താമസംവിനാ ഇത് പ്രായോഗികമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നടപടി

*13 [395] *ശ്രീ. ചെർക്കളം അബ്ദുള്ള:*
,, *സി. ടി. മുഹമ്മദ് അലി:*
,, *കളത്തിൽ അബ്ദുള്ള:*
,, *പി. കെ. കെ. ബാവ:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിലും റോഡുകളിലും അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നായ്ക്കളെക്കൊണ്ടുള്ള ശല്യം ഒഴിവാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;

(ഡി) പേവിഷം ബാധിച്ച് രോഗികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) ഉണ്ട്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 438-ാം വകുപ്പ് പ്രകാരവും 1998-ലെ കേരള പഞ്ചായത്ത്‌രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 6 പ്രകാരവും അലഞ്ഞുതിരഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കുതന്നെ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് ടി സെക്രട്ടറിമാരുടെ അനിവാര്യചുമതലയുമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിനുപകരം അനിമൽ ബർത്ത് കൺട്രോൾ പദ്ധതി സംസ്ഥാനത്ത് വ്യാപകമായും ഫലപ്രദമായും നടപ്പിൽ വരുന്നതുവരെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പഞ്ചായത്ത്‌രാജ്/മുനിസിപ്പൽ ആക്ട് പ്രകാരമുള്ള അധികാരമുപയോഗിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ 3-7-2002-ൽ നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് ആക്ട്, 1960 എന്ന കേന്ദ്ര നിയമപ്രകാരം തെരുവുനായ്ക്കളെ കൊല്ലുന്നത് ശിക്ഷാർഹമാണെന്നും ടി ആക്ടിലെ 38-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അനിമൽ ബർത്ത് കൺട്രോൾ ചട്ടം, 2001 പ്രകാരമുള്ള വന്ധീകരണ കുത്തിവയ്പ് തുടങ്ങിയ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ 2-8-2012-ൽ ടി നിർദ്ദേശം പിൻവലിക്കേണ്ടിവന്നതുമൂലം അലഞ്ഞുതിരിയുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കാൻ കഴിയാതെവന്നിരിക്കുകയാണ്.

(സി) & (ഡി) എ.ബി.സി./എ.ആർ. (അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബി വാക്സിനേഷൻ) പദ്ധതിപ്രകാരം നായ്ക്കളെ പിടിച്ച്, ശസ്ത്രക്രിയയ്ക്ക് എത്തിക്കുക, ശസ്ത്രക്രിയ കഴിഞ്ഞുള്ള ഒരാഴ്ചത്തെ പരിചരണം നൽകുക, തിരിച്ചറിയാൻ അടയാളമിട്ട് പിടിച്ച സ്ഥലത്ത് തിരിച്ചുവിടുക എന്നീ കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ശസ്ത്രക്രിയ ചെയ്യുക, ചികിത്സ പ്രതിരോധ കുത്തിവയ്പ് നടത്തുക എന്നിവ മൃഗസംരക്ഷണവകുപ്പും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുത്തിവയ്പ് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ മനുഷ്യന് വളരെ ശല്യം ചെയ്യുകയും അവയിൽ നല്ല ശതമാനവും പേബാധയേറ്റതിനാലും അവയുടെ ശല്യം മനുഷ്യന്റെ മരണത്തിനും കാരണമായേക്കാമെന്നതിനാലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് 2-8-2002-ൽ സർക്കാർ നൽകിയ നിരോധന ഉത്തരവ് പിൻവലിക്കണമെന്ന് കാണിച്ച് പാലക്കാട് മുനിസിപ്പാലിറ്റി 11-ാം വാർഡ് കൗൺസിലർ ശ്രീ. ഭാസ്കരൻ പൊതുതാൽപ്പര്യ ഹർജി ഫയൽ ചെയ്തിരുന്നു. ടി ഹർജി(നമ്പർ 23543/03)യിന്മേൽ ഉള്ള വിധി ബഹു. ഹൈക്കോടതി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പ്രത്യേകിച്ച് അസുഖം പിടിച്ചതും അപകടകാരികളുമായ നായ്ക്കളെ നശിപ്പിക്കുന്ന നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് ആക്ട് സെക്ഷൻ 11 സബ് സെക്ഷൻ 3 ക്ലാസ് (ബി) പ്രകാരം അപകടകാരികളായ നായ്ക്കളെ ലീതൽ ചേംബേഴ്സ് ഉപയോഗിച്ച് നശിപ്പിക്കുന്നത് നിയമപരമായി അംഗീകരിച്ചിട്ടുള്ള രീതിയാണെന്നും ആയതിനാൽ ഹൈക്കോടതിവിധിക്കെതിരെ അപ്പീലിനു സാദ്ധ്യതയില്ലെന്നും ഹൈക്കോടതിവിധി അക്ഷരംപ്രതി നടപ്പിലാക്കുകയാണ് വേണ്ടതെന്നും നിയമവകുപ്പും അഭിപ്രായപ്പെട്ടിട്ടുണ്ട്.

നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം ഇതു സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകാൻ അർബൻ അഫയേഴ്സ് ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

*14 [396] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, *ജോർജ്ജ് ജെ. മാത്യു:*
,, *സി. പി. മുഹമ്മദ്:*
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക കോളേജുകളിലും മെഡിക്കൽ കോളേജുകളിലും പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) എന്തടിസ്ഥാനത്തിലാണ് അത് കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പുകളിൽ നിന്നും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ ഒന്നും നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly